**05.12.2022**

# <u>പ്രസിദ്ധീകരണത്തിന്</u>

## <u>കിറ്റ്സിനെ അന്താരാഷ്ട്ര നിലാവരത്തിലേക്ക് ഉയർത്തും: മന്ത്രി റിയാസ്</u>

തിരുവനന്തപുരം: കിറ്റ്സിനെ അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസം പരിശീലന ഗവേഷണ കേന്ദ്രമായി ഉയർത്തുമെന്ന് ടൂറിസം മന്ത്രി ശ്രീ. പി.എ. മുഹമ്മദ് റിയാസ്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) സംഘടിപ്പിച്ച ‘‘**മികവ് 2022**’’ എന്ന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിവിധ അക്കാദമിക്ക് കോഴ്സുകളും പരിശീലനവും നടത്തി വരുന്ന കിറ്റ്സ് ടൂറിസം വ്യവസായത്തിന് ആവശ്യമായ നൈപുണ്യ വികസനത്തിന് പ്രധാന്യം നൽകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കേരള സർവ്വകലാശാലയുടെ ബിരുദ ബിരുദാന്തര കോഴ്സുകളിൽ റാങ്കുകൾ കരസ്ഥമാക്കി ഉന്നത വിജയം നേടിയ കിറ്റ്സിലെ പൂർവ്വവിദ്യാർത്ഥികളെയും യു ജി സി യുടെ അധ്യാപക യോഗ്യതയായ നാഷണൽ എലിജിബിലിറ്റി ടെസ്റ്റും ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പും നേടിയവരുടെയും കാമ്പസ് പ്ലെയിസ്മെന്റിലുടെ തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ഉൾപ്പടെ വിവിധ പ്രശസ്ത കമ്പനികളിൽ ജോലി നേടിയവരെയും കുടാതെ കലാ-കായിക മേഖലകളിൽ സംസ്ഥാനതലം വരെ മികച്ച നേട്ടം കൈവരിച്ചവരുമായ 70 - ൽ പരം വിദ്യാർത്ഥികളെ ‘‘**മികവ് 2022**’’ എന്ന പരിപാടിയിൽ 05.12.2022 ന് കിറ്റ്സിൽ മന്ത്രി ശ്രീ. പി.എ. മുഹമ്മദ് റിയാസ് അനുമോദിക്കുകയുണ്ടായി.

പ്രസ്തുത ചടങ്ങിൽ കിറ്റ്സ് ഡയറക്ടർ ഡോ. ദിലീപ് എം. ആർ., അദാനി എയർപോർട്ട് തിരുവനന്തപുരം ഹെഡ് ഓഫ് ഓപ്പറേഷൻസ്, ശ്രീ. പി.കെ. അജു, കിറ്റ്സ് പ്രിൻസിപ്പൽ ഡോ. ബി. രാജേന്ദ്രൻ, അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ ശ്രീമതി. ദീപ സുരേന്ദ്രൻ, ഡോ. വേണുഗോപാൽ സി.കെ. എന്നിവർ സംസാരിച്ചു.